അടിയന്തിരാവസ്ഥക്ക്

**തീവ്രവാദത്തിന്റേയും പാക്കിസ്ഥാനിൽനിന്നുള്ള ഭീഷണിയുടേയും മാവോയിസത്തിന്റേയും കുടിയൊഴിപ്പിക്കലുകളുടേയും മറ്റും പേരിൽ പുതിയ രൂപത്തിൽ അടിയന്തരാവസ്ഥ വരാനിടയുണ്ടെന്നും അതിനാൽ തന്നെ ജനാധിപത്യവാദികളുടെ നിതാന്ത ജാഗ്രത ആവശ്യമാണെന്നും ഐ. ഗോപിനാഥ്**

# ഫാസിസത്തെ ജനം വലിച്ചെറിയും

**ഇന്ത്യൻ** രാഷ്ട്രീയം അടിയന്തരാവസ്ഥക്കു മുമ്പും പിമ്പും എന്നരീതിയിൽ വേർതിരിക്കാമെന്നു തോന്നുന്നു. അടിയന്തരാവസ്ഥയെന്ന ഫാസിസ്റ്റ് സംവിധാനം തുടർന്നുള്ള കാലഘട്ടത്തിൽ ജനാധിപത്യജാഗ്രത പുലർത്താൻ സഹായകരമായിട്ടുണ്ടെന്നതിൽ സംശയമില്ല. ഡോ. ബിനായക് സെന്നിന്റെ അറസ്റ്റും മാവോയിസ്റ്റ് വേട്ടയും മണിപ്പൂരും കാശ്മീരുമൊക്കെ അടിയന്തരാവസ്ഥക്ക് സമാനമായ സ്ഥിതിവിശേഷത്തിന്റെ സൂചനയാണെന്നു പറയുമ്പോഴും ഇനിയുമൊരു അടിയന്തരാവസ്ഥ ഇന്ത്യയിൽ എളുപ്പമല്ല. അടിയന്തരാവസ്ഥയോടെ രാജ്യത്ത് ഏകപാർട്ടി ഭരണത്തിന് അവസാനമുണ്ടായതു തന്നെ ഇതിനു പ്രധാന കാരണം. യു.പി.എ ആയാലും എൻ.ഡി.എ ആയാലും വ്യത്യസ്ഥ താല്പര്യങ്ങളുള്ള പാർട്ടികളാണ് ഇരുമുന്നണികളിലുള്ളത്. അവയിൽ പലതും തികച്ചും പ്രാദേശിക പാർട്ടികൾ.



ഇതിനെല്ലാം പുറമെ ഇന്ത്യൻ ജനാധിപത്യം അടിയന്തരാവസ്ഥക്കുശേഷം ശക്തിപ്പെട്ടിട്ടുണ്ടെന്ന് പറയാതെ വയ്യ. അടിയന്തരാവസ്ഥയെ ജനം വലിച്ചെറിഞ്ഞതു തന്നെ ജനാധിപത്യ പ്രക്രിയയിലൂടെയാണല്ലോ. തുടർന്ന് മണ്ഡൽ കമ്മീഷനും മറ്റും ഈ ജനാധിപത്യപ്രക്രിയയെ ശക്തിപ്പെടുത്തി. ബാബറി മസ്ജിദ് തകർക്കലും തുടർന്നുണ്ടായ സവർണ്ണഫാസിസവും ഉയർത്തിയ ഫാസിസ്റ്റ് വെല്ലുവിളികളെയും ഒരു പരിധി വരെ നാം അതിജീവിച്ചല്ലോ. മായാവതിയെ പോലുള്ള സ്ത്രീ യു.പിയെ പോലുള്ള ഒരു സംസ്ഥാനത്ത് മുഖ്യമന്ത്രിയായതും ശക്തിപ്പെടുന്ന ജനാധിപത്യത്തിന്റെ സൂചന തന്നെ. രാജ്യത്തിന്റെ പല ഭാഗത്തും ശക്തിപ്പെട്ടിരിക്കുന്ന പിന്നോക്ക ദളിത് രാഷ്ട്രീയം നിസ്സാരമായ ഒന്നല്ല. ബംഗാളിലെ ഫാസിസത്തിനു സമാനമായ ഭരണത്തേയും ജനം വലിച്ചെറിഞ്ഞില്ലേ? അടുത്ത കാലത്ത് നടപ്പാക്കിയ വിവരാവകാശ നിയമവും ജനാധിപത്യ പ്രക്രിയയെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഈ മാറ്റങ്ങളുടെയെല്ലാം ഫലമായി കോൺഗ്രസ്സും മാറിയിട്ടുണ്ട്. മാവോയിസ്റ്റുകളെ നേരിടുന്നതിനോടൊപ്പം അവരുയർത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് പ്രധാനമന്ത്രി പറയാനെങ്കിലുംവിശേഷിപ്പിക്കാനും തയ്യാറായിട്ടുമുണ്ട്. എന്തായാലും ബി.ജെ.പിയേക്കാൾ പിന്തുണക്കാൻ കഴിയുക കോൺഗ്രസ്സിനെയാണല്ലോ. സോഷ്യലിസ്റ്റ് നിർമ്മാണ ഘട്ടത്തിൽ സോവിയറ്റ് യൂണിയനിലും മറ്റും ഏകപാർട്ടി ഭരണം നടപ്പാക്കിയത് തെറ്റായെന്ന് കഴിഞ്ഞ ദിവസം സി.പി.എം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട് തന്നെ പ്രഖ്യാപിച്ചതും കാലത്തിന്റെ വിളി കേട്ടാണ്. മറുവശത്ത് അഴിമതി ശക്തമാകുമ്പോഴും അതിനെതിരായി ഉയർന്നു വന്നിരിക്കുന്ന ജനകീയ വികാരവും കണ്ടില്ലെന്നു നടിക്കരുത്. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഭരണത്തെ ഇനിയും സുതാര്യമാക്കേണ്ടതുണ്ട്. നടപ്പാക്കപ്പെട്ട ഭരണ സംവിധാനങ്ങളിൽ മെച്ചം ജനാധിപത്യമാണെന്ന് അംഗീകരിച്ച് അതിനെ ശക്തിപ്പെടുത്തുകയായിരിക്കും ഉചിതം.

ഇപ്പറഞ്ഞതിനെല്ലാം അർത്ഥം രാജ്യത്ത് ഫാസിസ്റ്റ് ഭീഷണി തീരെയില്ല എന്നല്ല. കഴിഞ്ഞ വർഷം ഏറ്റവുമധികം ആയുധങ്ങൾ വാങ്ങി കൂട്ടിയ രാജ്യം ഇന്ത്യയാണ്. തീവ്രവാദത്തിന്റേയും പാക്കിസ്ഥാനിൽനിന്നുള്ള ഭീഷണിയുടേയും മാവോയിസത്തിന്റേയും കുടിയൊഴിപ്പിക്കലുകളുടേയും മറ്റും പേരിലായിരിക്കാം പുതിയ രൂപത്തിൽ അടിയന്തരാവസ്ഥ വരാനിട. അതിനാൽ തന്നെ ജനാധിപത്യവാദികളുടെ നിതാന്ത ജാഗ്രത ആവശ്യമാണ്. ആ അർത്ഥത്തിൽ അടിയന്തരാവസ്ഥാ വിരുദ്ധ പ്രക്ഷോഭങ്ങൾ അംഗീകരിക്കപ്പെടണം. രണ്ടാം സ്വാതന്ത്ര്യസമരമായി തന്നെ അവ ചരിത്രത്തിൽ രേഖപ്പെടുത്തണം. അങ്ങനെ ജനാധിപത്യ ജാഗ്രതക്ക് അത് പ്രചോദനമാകുമെങ്കിൽ നല്ലതല്ലേ?

*(മാധ്യമപ്രവർത്തകൻ)*